"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - ശ്രീ.രഞ്ജിത് എം.കെ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.359/2024/F&WLD തീയതി, തിരുവനന്തപുരം, 14-08-2024

---

പരാമർശം:-

1. 26.10.2021 - ലെ സ.ഉ(സാധാ)നം.341/2021/വനം.
2. 07.12.2022 - ലെ റൂൾസ്-1/138/2021/ഉ.ഭ.പ.വ നമ്പർ പരിപത്രം.
3. 07.03.2024 - ലെ സ.ഉ(പി)നം.5/2024/വനം.
4. 15.03.2024 - ലെ സ.ഉ(സാധാ)നം.141/2024/വനം.
5. ശ്രീ.രഞ്ജിത് എം.കെ. - യുടെ 21.03.2024 തീയതിയിലെ അപേക്ഷ.

**ഉത്തരവ്**

ശ്രീ.രഞ്ജിത് എം.കെ - യ്ക്കെതിരായുണ്ടായിരുന്ന അച്ചടക്ക നടപടി 'censure' നൽകി തീർപ്പാക്കിയതിനെ തുടർന്ന് 16.02.2024 - ൽ ചേർന്ന അഡ്ഹോക് ഡി.പി.സി (ഹയർ) യോഗ തീരുമാനം പ്രകാരം ടിയാനെ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് യോഗ്യരായ റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ 2020 - ലെ സെലക്ട് ലിസ്റ്റിൽ 'I A' ആയി ഉൾപ്പെടുത്തുകയും, പരാമർശം 3 പ്രകാരം സെലക്ട് ലിസ്റ്റ് റിവൈസ് ചെയ്യുകയും, 10.05.2024 - ലെ അസാധാരണ ഗസറ്റ് നമ്പർ 1491 ആയി വിജ്ഞാപനം ചെയ്യുകയുമുണ്ടായി. തുടർന്ന്, പരാമർശം 4 പ്രകാരം ടിയാന് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചു. അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് നോഷണൽ പ്രൊമോഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ശ്രീ.രഞ്ജിത് എം.കെ പരാമർശം 5 അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. റേഞ്ച് ഫോറസ്റ്റ്സ് ഓഫീസർ തസ്തികയിൽ ടിയാന്റെ ജൂനിയർ ആയ ശ്രീ.സിബിൻ എൻ.റ്റി-ക്ക് മുകളിൽ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിൽ ടിയാന് സീനിയോറിറ്റി നിശ്ചയിച്ചു നൽകണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയുടെ ഫീഡർ ക്യാറ്റഗറി ആയ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ശ്രീ.രഞ്ജിത് എം.കെ -യുടെ തൊട്ടടുത്ത ജൂനിയർ ആയ ശ്രീ.സിബിൻ എൻ.റ്റി -ക്ക് പരാമർശം 1 പ്രകാരമാണ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചത്. സീനിയോറിറ്റി പുനഃക്രമീകരണം, കോടതി ഉത്തരവ് മുതലായ കാരണങ്ങളാൽ അർഹതയുള്ള സീനിയറിന് നോഷണൽ പ്രൊമോഷൻ അനുവദിക്കുമ്പോൾ ടിയാന്റെ തൊട്ടടുത്ത ജൂനിയറിന് എന്നാണോ സ്ഥാനക്കയറ്റം നൽകി ഉത്തരവായത്, ടി

തീയതി മുതൽ പ്രാബല്യത്തിൽ സീനിയറിന് നോഷണൽ പ്രൊമോഷൻ അനുവദിക്കേണ്ടതാണെന്ന് പരാമർശം 2 പരിപത്രത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, ശമ്പളത്തിന്റെയും അലവൻസുകളുടെയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കില്ല എന്ന വ്യവസ്ഥയിൽ, 26.10.2021 തീയതി പ്രാബല്യത്തിൽ ശ്രീ.രഞ്ജിത്ത് എം.കെ -യ്ക്ക്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് നോഷണൽ പ്രൊമോഷൻ അനുവദിച്ചും, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിൽ ടിയാന്റെ സീനിയോറിറ്റി ശ്രീ.സനുഷ് എ.എൽ -നും, ശ്രീ.സിബിൻ എൻ.ടി-ക്കും മദ്ധ്യേ നിശ്ചയിച്ചും സർക്കാർ ഉത്തരവാകുന്നു. നോഷണൽ പ്രൊമോഷൻ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ശമ്പളം നോഷണലായി പുനർ നിർണയിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUSAN GOPI

അഡിഷണൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം),
തിരുവനന്തപുരം.
ശ്രീ.രഞ്ജിത്ത് എം.കെ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ടെക്നിക്കൽ അസിസ്റ്റന്റ്, ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്, നോർത്തേൺ സർക്കിൾ, കണ്ണൂർ, കണ്ണോത്തുംചാൽ, പി.ഒ താണ, കണ്ണൂർ - 12.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധന അഗ്രി (ബി) വകുപ്പ് [ Agri-B2/187/2024-FIN (2819877) തീയതി 26.07.2024 പ്രകാരം ].
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി., സെക്രട്ടേറിയറ്റ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 14-08-2024 14:46:36